(Pages : 4) **L – 1815**

Reg. No. : .............................

Name : .................................

## Sixth Semester B.A. Degree Examination, March 2021

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course

## MX 1641 : മലയാളകവിത – ഉത്തരഘട്ടം

## (2018 Admission – Regular)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ വിലാപകാവ്യം ആരുടെ? ഏതു കൃതി?

2. വീണപൂവ് പ്രസിദ്ധീകരിക്കപ്പെട്ട വർഷം.

3. കാണുന്നീലോരക്ഷരവും ആരുടെ കവിതാസമാഹാരം?

4. "എന്തിനിത്ര വെമ്പ?-ലിഹ തെല്ലിട നിൽക്ക താത-

   നന്തഃപ്പുരേ കിമപി വിശ്രമമേൽക്കയത്രേ" ആര് ആരോടു പറയുന്നു?

5. പാലൈസ് ആരുടെ കവിത?

6. ആധുനികത മലയാളകവിതയിൽ എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്.

7. കവിതാസാഹിത്യചരിത്രം ആരുടെ കവിത?

8. റുബായിയാത്തിന് ചങ്ങമ്പുഴ കൃഷ്ണപിള്ള നിർവ്വഹിച്ച തർജ്ജമ.

P.T.O.

St. Xaviers College, Thumba

9. മണിമഞ്ജുഷ ആരുടെ കാവ്യസമാഹാരം?

10. "ഇല്ല നമുക്കായൊരു സന്ധ്യ,രാപ്പാതി-

യല്ലാതെ മറ്റൊന്നുമിന്നെന്നിരിക്കിലും

വിസ്മയം പോലെ ലഭിക്കും നിമിഷത്തി-

നർത്ഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം" കവിതയേത് ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. "കല്പിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ" കല്പിക്കുന്നതെന്തെല്ലാം?

12. സിംബലിസ്റ്റുകവിതയുടെ പ്രധാന ഘടകങ്ങൾ ഏതെല്ലാം?

13. "മഴക്കാറിന്റെ നിറം ഒന്നിന്റെയും അടിവയറ്റിലില്ലെ?" ഇങ്ങനെ സംശയിക്കുന്നതെന്തുകൊണ്ട്?

14. "ചപ്പുവാരി നിവർന്നവൾക്കിത്ര

കാപ്പിമട്ടു കുടിക്കുവാൻ ദാഹം" - എപ്പോൾ?

15. "ഏവം വഴക്കു മുറുകീ, ദ്വിജദേവർതമ്മിൽ" ആരൊക്കെ, എന്തിനാണ് വഴക്കു തുടങ്ങിയത്?

16. "അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ-

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?" ഈ വരികളുടെ പ്രസക്തിയെന്ത് ?

17. "അക്കിളിച്ചുണ്ടാലല്ലോ കേൾക്കായി നടാടെ നിൻ

സ്വർഗ്ഗംഗാപ്രപാതാനുവർത്തിയാം വൃത്താന്തങ്ങൾ" - വിവക്ഷിതമെന്ത് ?

18. "പിറക്കാതിരുന്നെങ്കിൽ-

പ്പാരിൽ, നാം സ്നേഹിക്കുവാൻ,

വെറുക്കാൻ, തമ്മിൽക്കണ്ടു-

മുട്ടാതെയിരുന്നെങ്കിൽ !"

- ഇങ്ങനെ ആഗ്രഹിക്കാനുള്ള കാരണമെന്ത് ?



St. Xaviers College, Thumba

19. "പൊൻ കോലം കേറ്റുവാൻ കുമ്പി-

ട്ടീലല്ലോ നിന്റെ മസ്തകം

ഇരുമ്പുകൂച്ചാൽ ബന്ധി-

ക്കപ്പെട്ടീലല്ലോ പദങ്ങളും" - ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ? സൂചിതമെന്ത് ?

20. "വിരഹത്തിലല്ലാതെ, ലാവണ്യം സമഗ്രമായ്

നിരവദ്യമായിട്ടു കാണുവാൻ കഴിവീല" - ഈ ദർശനത്തിൽ എത്തുന്നതെപ്പോൾ?

21. പുതുവഴി വെട്ടുന്നവർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളെന്തെല്ലാം?

22. "വിസ്മരിക്കില്ല ഞാൻ നിന്നെസ്സുരസുഷമേ!" ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

23. ലൈബ്രേറിയൻ മരിച്ചതിൽപ്പിന്നെ കുത്തഴിഞ്ഞ പുസ്തകങ്ങൾക്കു സംഭവിച്ചതെന്ത്?

24. സഹ്യപുത്രി മലയാളം എവിടെയെവിടെയെന്ന ചോദ്യം ഉന്നയിക്കുന്നതാരെല്ലാം?

25. നല്ല പിതാവിനെക്കാൾ ചീത്തയായ അമ്മയെ ഇഷ്ടപ്പെടാനുള്ള കാരണമായി കവി പറയുന്നതെന്തെല്ലാം?

26. കാല്പനികപ്രസ്ഥാനത്തിന്റെ പ്രധാന സ്വഭാവസവിശേഷതകൾ എന്തെല്ലാം?

**(8 × 2 = 16 Marks)**

III. **ഒന്നരപ്പുറത്തിൽ കവിയാതെ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

27. "എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു

കണ്ണീരിനാൽ ? അവനിവാഴ്‌വു കിനാവു, കഷ്ടം !"

ഈ ദർശനത്തിൽ എത്തിച്ചേരുന്നതെങ്ങനെ ?

28. സ്ത്രീയെന്നത് ശക്തിയാണെന്ന സങ്കല്പം ശാന്തയിലൂടെ അവതരിപ്പിക്കുന്നതെങ്ങനെ?

29. അനുപമമായ ഒരു ഭാവഗീതമെന്നനിലയിൽ പ്രേമസംഗീതം വിലയിരുത്താൻ കഴിയുമോ?

30. "സ്ഥലകാലങ്ങളെ കീഴടക്കുന്ന മർത്ത്യവീര്യത്തിന്റെ ഗാഥയാണ് ഹനുമത്സേവ തുഞ്ചൻ പറമ്പിൽ" - നിരൂപിക്കുക.

St. Xaviers College, Thumba

31. ചങ്ങമ്പുഴക്കവിതകളുടെ സവിശേഷതകൾ കാവ്യനർത്തകി മുൻനിർത്തി പരിശോധിക്കുക.

32. വൈരുധ്യങ്ങളുടെ സംഘർഷം കണ്ണീർപ്പാടം കവിതയിൽ അന്തർധാരയാകുന്നുണ്ടോ?

33. എന്റെ വേളി കവിതയിൽ ആവിഷ്കൃതമാകുന്ന മൃത്യുബോധത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

34. മേഘരൂപൻ കവിതയിൽ പി. കുഞ്ഞിരാമൻ നായർ അവതരിപ്പിക്കപ്പെടുന്നതെങ്ങനെ?

35. നഗരകേന്ദ്രീകൃതമായ ഒരു പ്രസ്ഥാനമെന്ന നിലയിൽ ആധുനികതയെ നോക്കിക്കാണാൻ കഴിയുമോ?

36. എത്രയെടുത്താലും ഒട്ടും കുറയാത്ത ഭൂമിയിലെ ഒരേയൊരു സ്വത്താണ് അമ്മയെന്ന് പറയാനുള്ള കാരണങ്ങൾ എന്തെല്ലാം?

37. ഇടതുകയ്യനിൽ ചെന്നുപിറക്കാനുള്ള ഉറച്ച സ്വപ്നം അണയാതെ സൂക്ഷിക്കപ്പെടുന്നതെങ്ങനെ?

38. അമ്മമാർ, മുറ്റമടിക്കുമ്പോൾ എന്നീ കവിതകളിൽ പ്രതിഫലിക്കുന്ന സ്ത്രീജീവിതത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. "മണ്ണടിഞ്ഞ ചെറുപൂവിലും കണ്ണുനീരിനുപോലും വിവരിക്കാനാവാത്ത ജീവിതരഹസ്യങ്ങൾ അടങ്ങുന്നുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയാണ് വീണപൂവിലൂടെ കുമാരനാശാൻ ചെയ്തത്." വിലയിരുത്തുക.

40. ഉള്ളൂർക്കവിതയുടെ സവിശേഷതകൾ പ്രേമസംഗീതം മുൻനിർത്തി ചർച്ച ചെയ്യുക.

41. കാല്പനികതയുടെ വ്യത്യസ്ത പ്രമേയപരിസരങ്ങൾ മലയാളകവിത മുൻനിർത്തി വിശകലനം ചെയ്യുക.

42. യാത്രയെന്ന ബിംബം ഡി. വിനയചന്ദ്രന്റെ കവിതയിൽ സംവാദാത്മകമാകുന്നതെങ്ങനെയെന്ന് യാത്രപ്പാട്ട് മുൻനിർത്തി പരിശോധിക്കുക.

43. കേരളത്തിൽ ആധുനികതയെ രൂപപ്പെടുത്തിയ സാമൂഹികസാഹചര്യങ്ങൾ വിശദീകരിക്കുക.

44. കൊടിയ വരൾച്ചയും ദേശത്തിന്റെ വർത്തമാനവും ചിതറിയ ബിംബങ്ങളിലൂടെ ശാന്തയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

**(2 × 15 = 30 Marks)**

St. Xaviers College, Thumba